(ഡി) മതിയായ പോലീസ് സുരക്ഷാസംവിധാനം ഏർപ്പെടുത്തി പ്രശ്നങ്ങൾ നിയന്ത്രണ വിധേയമാക്കി.

(ഇ&എഫ്) പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം പോലീസ് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്കേ എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാകാൻ സാദ്ധ്യതയുള്ളതെന്ന് വിലയിരുത്താനാവൂ.

(ജി) ജനപ്രാതിനിധ്യ നിയമമനുസരിച്ച് പോളിംഗ് സ്റ്റേഷൻ പരിസരത്ത് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

(എച്ച്) താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

1. മതിയായ പോലീസ് സുരക്ഷാസംവിധാനം ഏർപ്പെടുത്തും.
2. വരുന്ന നിയമസഭാ തെരെഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുവാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.
3. മരിച്ചവരുടേയും സ്ഥലംമാറിപ്പോയവരുടെയും പേരുകൾ നിലവിലുള്ള വോട്ടർപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുവാൻ സത്വര നടപടികൾ എടുത്ത് പൂർത്തീകരിച്ചുവരികയാണ്.
4. പോളിംഗ് ബൂത്തുകൾക്ക് 100 മീറ്ററിനുള്ളിൽ വോട്ടറന്മാരല്ലാത്തവർക്ക് പ്രവേശനം അനുവദിക്കുന്നതല്ല.
5. ജനപ്രാതിനിത്യ നിയമമനുസരിച്ച് പോളിംഗ് സ്റ്റേഷൻ പരിസരത്ത് കർശനമായ മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

(ഐ) കേന്ദ്ര/സംസ്ഥാന ഗവ./പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരെയാണ് ഇടകലർത്തി പോളിംഗ് ഡ്യൂട്ടിക്കും കൗണ്ടിംഗ് ഡ്യൂട്ടിക്കും നിയോഗിക്കുന്നത്.

ഹെഡ്കോൺസ്റ്റബിൾ ബാലകൃഷ്ണൻ മരണപ്പെട്ട സംഭവം

63 (64) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഒന്നാംഘട്ട ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വയനാട് ജില്ലയിലെ ബീരാച്ചി ഗവൺമെന്റ് യു.പി. സ്കൂളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഹെഡ്കോൺസ്റ്റബിൾ ബാലകൃഷ്ണൻ ഡ്യൂട്ടി സമയത്ത് മരണപ്പെട്ടത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാലകൃഷ്ണൻ ഒരു ഹൃദ്രോഗിയായിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ഹൃദ്രോഗം ബാധിച്ചവർക്ക് തെരഞ്ഞെടുപ്പ് ഡ്യൂട്ടിപോലുള്ള ഹെവി ഡ്യൂട്ടി നൽകരുതെന്ന കീഴ്വഴക്കം ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ ലംഘിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇദ്ദേഹം മരണപ്പെട്ടത് ഏതുസ്ഥലത്തു വച്ചാണെന്നും എത്ര മണിക്കാണെന്നും വ്യക്തമാക്കാമോ ;

(ഇ) ബാലകൃഷ്ണന്റെ ശവശരീരം ഇൻക്വസ്റ്റ് നടത്തിയത് എവിടെ വച്ചാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) മരണപ്പെട്ട സ്ഥലത്തുനിന്നും ഇൻക്വസ്റ്റ് നടത്താതെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ചാണ് പോലീസ് ഇൻക്വസ്റ്റ് നടത്തിയെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) പോളിംഗ് സ്റ്റേഷനിൽ ഡ്യൂട്ടി സമയത്ത് ഒരു കള്ളവോട്ടർ ഓടിപ്പോകുന്നത് കണ്ട് അദ്ദേഹത്തെ പിടിക്കുന്നതിനിടയിലാണ് ബാലകൃഷ്ണൻ മരണപ്പെട്ടതെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) വയനാട് ജില്ലാ ഡി.വൈ.എഫ്.ഐ. പ്രസിഡന്റ് സഹദേവനും ഹെഡ്കോൺസ്റ്റബിൾ ബാലകൃഷ്ണനും തമ്മിലുള്ള പിടിവലിക്കിടയിൽ ബീരാച്ചി യു.പി. സ്കൂളിൽ വച്ചുതന്നെ ബാലകൃഷ്ണൻ മരണപ്പെട്ടിരുന്നു എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) സഹദേവൻ പിടിച്ചുവലിക്കുകയും തള്ളുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ബാലകൃഷ്ണൻ മരണപ്പെട്ടതെന്ന ഇദ്ദേഹത്തിന്റെ ഭാര്യയുടേയും സംഭവം കണ്ടുനിന്ന വോട്ടർമാരുടേയും ആക്ഷേപത്തിന്മേൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ജെ) ബാലകൃഷ്ണന്റെ കുടുംബത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകണമെന്ന ആവശ്യത്തിന്മേൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അദ്ദേഹം ഒരു ഹൃദ്രോഗി ആയിരുന്നു എന്ന വിവരം നേരത്തെ ലഭ്യമായിരുന്നില്ല.

(സി) അദ്ദേഹം ഒരു ഹൃദ്രോഗി ആണെന്ന വിവരം നേരത്തെ അറിഞ്ഞിരുന്നില്ല.

(ഡി) 25-9-2000-ൽ 14.35 മണിക്ക് ബത്തേരിയിലെ എം.ഇ.എസ്. ആശുപത്രിയിൽ വച്ച് മരണപ്പെട്ടു.

(ഇ) കോഴിക്കോട് മെഡിക്കൽ കോളേജിൽ.

(എഫ്) ഉണ്ട്.

(ജി) ഇല്ല.

(എച്ച്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായി.

(ജെ) അവകാശികൾക്ക് 'എക്സ്ഗ്രേഷ്യ' തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബാലറ്റ് പേപ്പർ തട്ടിക്കൊണ്ടുപോയ സംഭവം

64 (65) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ വേളയിൽ കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജിലെ കൗണ്ടിംഗ് സെന്ററിൽ നിന്നും ബാലറ്റ് പേപ്പർ തട്ടിക്കൊണ്ട് പോയതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത് ;

(സി) കേസിലെ പ്രതികൾ ആരെല്ലാമാണ് ;

(ഡി) കൗണ്ടിംഗ് സെന്ററിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ ബാലറ്റ് പേപ്പറുകൾ തട്ടിക്കൊണ്ടു പോയത് ആരെല്ലാമാണെന്ന് വ്യക്തമായ തെളിവും മൊഴിയും ഉണ്ടായിട്ടും പ്രതികളെ അറസ്റ്റു ചെയ്യാതിരിക്കാൻ കാരണം എന്താണെന്നു അറിയിക്കാമോ ;

(ഇ) ഇതേ തെരഞ്ഞെടുപ്പിൽ പയ്യാവൂർ പഞ്ചായത്തിലെ ചില ബൂത്തുകളിൽ പോളിംഗ് സ്റ്റേഷനിൽ വച്ച് ബാലറ്റ് പെട്ടികൾ നശിപ്പിച്ചതിന് ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസെടുത്തത് എന്നറിയിക്കുമോ ;

(എഫ്) ബാലറ്റ് പേപ്പർ നശിപ്പിച്ചതിനും ബാലറ്റ് പെട്ടി നശിപ്പിച്ചതിനും വ്യത്യസ്ഥമായ രീതിയിൽ കേസ് രജിസ്റ്റർ ചെയ്യാൻ കാരണമെന്ത് ;

(ജി) പ്രസ്തുത രണ്ട് സംഭവത്തിലും ഒരേ രീതിയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുമെന്ന് കണ്ണൂരിലെ അഖിലകക്ഷി യോഗത്തിൽ ജില്ലാപോലീസ് സൂപ്രണ്ട് ഉറപ്പുനൽകിയിരുന്നോ ; എങ്കിൽ ഉറപ്പ് പാലിക്കാതെയിരിക്കാൻ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്ഷൻ 395 ഐ.പി.സി. കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ 78/ഡബ്ല്യു 138 എന്നീ വകുപ്പുകൾ പ്രകാരം.

(സി) കേസന്വേഷണം നടന്നുവരികയാണ്.

(ഡി) പ്രതികളെപ്പറ്റി വ്യക്തമായ തെളിവോ സാക്ഷിമൊഴികളോ ഇതുവരെ ലഭിച്ചിട്ടില്ല.

948/2010

LIBRARY ARCHIVES Kerala Legislative Assembly